KOLLAM RURAL
# കൊല്ലം റൂറൽ പോലീസ്

**പോലീസ് സ്റ്റേഷൻ: കുണ്ടറ** **തീയതി : 27.09.2022**

## സ്ഥിരം കുറ്റവാളിയായ യുവാവ് കാപ്പ നിയമപ്രകാരം അറസ്റ്റിൽ

കുണ്ടറ: കുണ്ടറ പോലീസ് സ്റ്റേഷൻ പരിധിയിൽ നിരവധി കേസുകളിൽ ഉൾപ്പെട്ട പേരയം വില്ലേജിൽ മുളവന, ഇടമല മിനിവിലാസം വീട്ടിൽ നിന്നും പൂനുക്കന്നൂർ, ചിറയടി ക്ഷേത്രത്തിന് സമീപം അമ്പലംവിള വീട്ടിൽ താമസിക്കുന്ന രാജു മകൻ മാക്രി രഞ്ജിത്ത് എന്ന് വിളിക്കുന്ന രഞ്ജിത്ത് (28) എന്നയാളെയാണ് കാപ്പ നിയമ പ്രകാരം അറസ്റ്റ് ചെയ്തത് . ഇയാൾ കുണ്ടറ പോലീസ് സ്റ്റേഷൻ പരിധിയിൽ ഏകദേശം പതിനാലോളം കേസുകളിൽ പ്രതിയാണ്. കേസുകളെല്ലാം തന്നെ ആയുധം കൊണ്ട് മാരകമായ ദേഹോപദ്രവം ഏൽപ്പിക്കൽ, കൊലപാതകശ്രമം, പിടിച്ചുപറി, നരഹത്യാശ്രമം തുടങ്ങിയവയ്ക്ക് രജിസ്റ്റർ ചെയ്ത കേസുകളാണ്. കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി കെ ബി രവി ഐ.പി.എസ് നൽകിയ റിപ്പോർട്ടിന്മേലാണ് ബഹു. ജില്ലാ കളക്ടർ കരുതൽ തടങ്കലിന് ഉത്തരവ് പുറപ്പെടുവിച്ചത്. ശാസ്താംകോട്ട ഡി.വൈ.എസ്.പി. ഷെറീഫിന്റെ നിർദ്ദേശാനുസരണം കുണ്ടറ ഐ.എസ്.എച്ച്.ഒ മഞ്ചുലാലിൻറെ നേതൃത്വത്തിൽ സബ് ഇൻസ്പെക്ടർ ആനന്ദ് കൃഷ്ണൻ, ബിമൽഘോഷ്, എ.എസ്.ഐ സതീശൻ, സി.പി.ഒ ബിനു, സി.പി.ഒ ബൈജു എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കുണ്ടറ പോലീസ് സ്റ്റേഷൻ പരിധിയിൽ ആറ് മാസത്തിനിടയിൽ കാപ്പ നിയമ പ്രകാരം അറസ്റ്റിലാകുന്ന ആറാമത്തെ പ്രതിയാണ് രഞ്ജിത്ത്. പ്രതിയെ അറസ്റ്റ് ചെയ്ത് കരുതൽ തടങ്കലിനായി തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഹാജരാക്കി.

